**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6667 — 12.07.2012- ൽ മറുപടിക്ക്

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് ; | എ) യും ബി) യും | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിലവിൽ പദ്ധതി ഉണ്ട്.<br>ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുമുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. പ്രോജക്ടിന്റെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവയാണ് സഹായം നൽകുന്നതിന് പ്രധാനമായും പരിഗണിക്കുന്നത്. ഇതിനായി 100 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിരിക്കുന്നു. പദ്ധതി ചെലവിന്റെ 65 ശതമാനം ധനസഹായമായി നൽകും. ബാക്കി തുക സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതുമാണ്. സബ്സിഡി 20%, ഷെയർ 20%, ലോൺ 25% എന്നീ നിരക്കിലാണ് സഹായം നൽകുന്നത്.<br>ഇതിനുപുറമേ പ്രവർത്തനരഹിതമായ പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒറ്റത്തവണ സഹായമായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ടി പദ്ധതിയിൻ കീഴിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി, ഷെയർ, ലോൺ എന്നിവ യഥാക്രമം 1:1:2 എന്ന അനുപാതത്തിൽ പരമാവധി 20 ലക്ഷം രൂപ നൽകി വരുന്നു. |
| ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**